# <u>കഥാവശേഷം</u>

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

അറിയാതെ കൺതുറന്ന്
ആട്ടം കണ്ടുണരവേ
പാതി വായിച്ചടച്ച
ഉറക്കച്ചടവിലെ
പുസ്തകപ്പൊരുൾ
പരിണാമഗുപ്തിയുടെ
അന്താക്ഷരി വാതുവെപ്പിൻ
കൊട്ടിക്കലാശത്തിരശ്ശീലയിൽ
മങ്ങിമറഞ്ഞുറയുന്ന
മുനകൂർപ്പിച്ച മൂളവാൾ
ഉറയിൽ പുലമ്പും പുലഭ്യം.

ആദ്യരംഗം കളിച്ചുതീർന്ന
കൊട്ടകയിലെ ചലച്ചിത്രം
കാണാൻ കയറവേ
അനാദി സങ്കൽപ്പ-
പരിക്ഷീണച്ചുവടലിക്കും
ചംക്രമണ ഗവേഷവീര്യം,
പ്രപഞ്ചോൽപ്പത്തിയിലെ
അത്ഭുത കഥകൾ
ചഷകത്തിലുതിർക്കുന്ന
സഞ്ചാരിഭാവക്കുമിള.

ഇടവരികൾക്കുള്ളിൽ
ഒളിഞ്ഞുതെളിയും
അന്വർത്ഥാന്വേഷക
മാന്ത്രികക്കുപ്പായ-
കരിങ്കയ്യുറയിലെ

തന്ത്രം വിതറുന്ന
അനന്തമതിസൂക്ഷ്മ-
മറിയാക്കഥകൾ,
കണ്ണുചിമ്മുന്ന
നക്ഷത്രമൌനം
കണ്ണടച്ചിരുട്ടാക്കും
നേരറിവിന്റെ ദീപിക:
കെട്ടുകഥയ്ക്കു
കാതോർക്കും
നായികാ നിശ്ചയം
സമ്പൂർണ്ണമാകാത്ത
നാടോടിക്കഥയിലെ
നടനായക സങ്കൽപ്പ-
മുതിർക്കും ക്രാന്തരൂപം.

കഥാക്കോളിലെ അതിജലസ്ഥൂലഭാവം
വാറ്റിക്കുറുക്കി ഒറ്റത്തുള്ളിയാക്കും
കവിതാക്കൂറിലെ നിസ്തുലസ്പന്ദം.
ആദ്യസന്ദർശനക്കാർഡിലെ മുഖഭാവം
അന്ത്യരംഗമൊഴിവാക്കും ശാലയിലെ
ഏകാംഗമത്സര ഏകാങ്കയണിഞ്ഞൊരുക്കം.
*****************************************************************